MR. PRESIDENT : ഠം ഭേദഗതിചെയ്യാൻ പ്രസിഡൻറിനു അവകാശവും അധികാരവുമില്ല. ഇപ്പോൾ ഇതുയും ചോദ്യങ്ങൾക്കുള്ള ഉത്തരംമാത്രം പറഞ്ഞാൽമതി. ബാക്കിയുള്ള ചോദ്യങ്ങളുടെ ഉത്തരം തയാറാക്കി മേശമേൽ വയ്ക്കുന്നതാണ്.

MR. JOSEPH MALIECKAL (*Thodupuzha I—General*): എസ്റ്റേറ്റ് പ്രൊവിഷൻ അനുസരിച്ചാണോ ഈ കൺസ്ട്രക്ഷൻസു മാറ്റി വച്ചിരിക്കുന്നതെന്നു പറയുമോ ?

MR. PRESIDENT : അതാണു ഇവിടെ സ്പീകരിച്ചിരിക്കുന്ന നടപടി.

REFERENCE RE: PUBLICATION IN THE 'BHARATHI'.

MR. PAUL A. THALIAT : സർ, പ്രസിഡൻറിന്റെയും ഈ സഭയുടെയും ശ്രദ്ധയിൽ എനിക്കു ഏറ്റവും ഗൗരവതരമായ ഒരു കാര്യം കൊണ്ടുവരാനുണ്ട്. ഫെർ വ്-ജൂൺ ലക്കത്തിലെ 'ഭാരതി' പത്രത്തിൽ വലിയ അക്ഷരത്തിൽ 'ഫ 0,0 0 0 രൂപയുടെ മൂന്നു കേസുകൾ' എന്നു തലക്കെട്ടുകൊടുത്തു ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി കാണുന്നു. ഈ സഭയിലെ മെംബറന്മാരെ ആക്ഷേപിക്കുന്നതുക്കും അവഹേളിക്കുന്നതുക്കുമായ ഒരു ലേഖനമാണത്, എന്നു എനിക്കു തോന്നുന്നു. തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ്സു പാർട്ടിയിൽപ്പെട്ട രണ്ടു അസംബ്ലി മെംബറന്മാർ ടെക്സ്റ്റ്റുബുക്കുകൾ അംഗീകരിപ്പിക്കുവാൻ വേണ്ടി ഫ 0,0 0 0 രൂപ വീതം കൈക്കൂലി വാങ്ങിച്ചു എന്നാണു ആ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. വ്യക്തിപരമായി നോക്കുമ്പോൾ, അതിൽ പറയുന്ന രണ്ടു മെംബറന്മാർ ആരാണെന്നു ആ ലേഖനത്തിൽ പറയുന്നില്ലെങ്കിലും ഈ സഭയിലെ രണ്ടു മെംബറന്മാർ എന്നു പറയുന്നതുകൊണ്ടു ഈ സഭയുടെ അന്തസ്സു പാലിക്കുന്നതിനു വേണ്ടിയെങ്കിലും ഗവണ്മെൻറു അതേപ്പറ്റി അന്വേഷണം നടത്തുകയും പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ്താവന കളവാണെങ്കിൽ, ആ പത്രത്തിന്റെ പേരിലോ, അതല്ല അതു ശരിയാണെങ്കിൽ ഈ മെംബറന്മാർ ആരെല്ലാമാണെന്നു കണ്ടുപിടിച്ചു അവരുടെ പേരിലോ നടപടി നടത്തേണ്ടതാണെന്നാണു എന്റെ അഭിപ്രായം. ആ ഭാഗം പ്രസിഡൻറു അനുവദിക്കുന്ന പക്ഷം ഞാൻ വായിക്കാം.

MR. A. NESAMONY.—ஒரு கன்னிப்பிரசங்கத்தை விஜாரணை நடத்துவதற்கு சம்மதமா ?

MR PAUL A. THALIAT :-എനിക്കു അതു വളരെ സന്തോഷമാണു്. ഒരു കമ്മറിവച്ചു ശരിയായി അന്വേഷണം നടത്തുന്നതാണു നല്ലതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. SIVARAMA PILLAI : ஏதோ இரண்டு பேர்கள் என்று சொன்னீர்கள். அவர்கள் பேர்களைச் சொல்லலாமா ?

MR. PAUL A. THALIAT : ഞാൻ ടെക്സ്റ്റൈൽസ് കമ്മറ്റിയിലെ മെംബർ അല്ല.

MR. PRESIDENT : മെംബർ പറയുന്ന പ്രസ്താവന ഞാൻ വായിച്ചില്ല. അതു വായിച്ചതിനുശേഷം അതായതു ലഞ്ചുകഴിഞ്ഞു വീണ്ടും ഈ സഭ കൂടുമ്പോൾ മെംബർ ചെയ്ത ഈ പ്രസ്താവനയെപ്പറ്റി എനിക്കു പറയാനുള്ളതു പറഞ്ഞുകൊള്ളാം.

ADJOURNMENT MOTION

MR. PRESIDENT : ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുന്നതിനു മി. കെ. രാമകൃഷ്ണപിള്ള നോട്ടീസു തന്നിട്ടുണ്ട്. അടിയന്തിരപ്രമേയം ഇതാണ്.

"ചവറ മിനറൽസ് കമ്പനിയിലെ തൊഴിലാളി പ്രതിനിധികളായ ഏഴുപേരെ ഇന്നലെ നിയമസഭാമന്ദിരത്തിനു മുമ്പിൽവച്ച് നിയമസഭ നടന്നുകൊണ്ടിരുന്ന അവസരത്തിൽ അറസ്റ്റുചെയ്തതിനെ തുടർന്നുണ്ടായിട്ടുള്ള ഇരുതരവും അടിയന്തിരവുമായ വസ്തുതയെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു ഈ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു."

ഈ ഏഴുപേരെയുംപോലീസു അകറ്റ് അനുസരിച്ചു അറസ്റ്റു ചെയ്തിരിക്കുന്നു എന്നാണ് എനിക്കറിവു. സാധാരണ ഈ മാതിരിയുള്ള അറസ്റ്റുകളെപ്പറ്റി അടിയന്തിരപ്രമേയം അവതരിപ്പിക്കാൻ അവകാശമില്ലെന്നാണ് നിയമസഭ സംബന്ധിച്ചുള്ള സാധാരണ നിയമങ്ങളിൽ കാണുന്നതു്. ഇൻഡ്യൻ നിയമസഭയിൽ ഇതുപോലെ ഒരടിയന്തിരപ്രമേയം കൊണ്ടുവന്ന സന്ദർഭത്തിൽ ഒരു റൂളിംഗ് ഉണ്ടായതു ഈ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നുകൊള്ളുന്നു.

Ruling dated 30th March 1937 following a Ruling of the 21st September 1936.

> "It is a well established parliamentary rule that an order passed in the ordinary administration of law, whether by a judicial authority or a Magistrate or by any other lawfully constituted authority, cannot be the subject of an adjournment motion. As regards facts, the Chair has been furnished with information by the Honourable the Home Member that the order in question was passed by the Police Commissioner of Calcutta under section 39 (A) of the Calcutta Suburban Police Act. 1866, read with Section 62 (A) (4) of the Calcutta Police Act, 1866, (Bengal Act IV of 1866).

LIBRARY ARCHIVES Kerala Legislative Assembly